response to their kind assurance, namely, 'Government accept the resolution' during the discussion of resolution No. 11, regarding Communal Justice in services, on 25th November, 1936'.

Sir, the same point has been covered by another cut motion which the Government was pleased to accept. I do not think, therefore, that I am justified in taking up the time of the House for having a repetition of the arguments.

The resolution was therefore considered with-drawn.

RESOLUTION No. 3.

To amend the law regarding License for sweet toddy tapping

*Mr. K. S. Panicker (*Ezhuvas-Mukundapuram*) : "കൊച്ചി രാജ്യത്തു് ചക്കര ചെത്തിന്നു് ലൈസൻസിന്റെ ആവശ്യം വരാതിരിക്കത്തക്ക വണ്ണം ചെത്തു നിയമങ്ങൾ ഭേദഗതി ചെയ്യണമെന്നു് ഈ കൌൺസിൽ ഗവ മ്മെണ്ടിനോടു ശുപാർശ ചെയ്യുന്നു." സർ, ഈ പ്രമേയം ഈ നിയമസഭയ്ക്കു സുപരിചിതമായിട്ടുള്ള ഒന്നാണു്. കൊച്ചിരാജ്യത്തു് ഒരു കാലത്തു് ഏറ്റവും പ്രശസ്തനിലയിൽ നടത്തിക്കൊണ്ടിരുന്ന ഒരു കുടിൽവ്യവസായം അതായതു്, ചക്കര ചെത്തു വ്യവസായം ഇപ്പോൾ തീരെ ക്ഷയരോഗിയെപ്പോലെയായിത്തീർന്നിരിക്കുന്നു എന്ന സംഗതി ഗവമ്മെണ്ടിനു് നാട്ടുകാർക്കാർക്കും കൂടുതൽ അറിയുവാൻ സാധിക്കും. കുറെ കൊല്ലങ്ങൾക്കു ചക്കര വ്യവസായം കൊച്ചിരാജ്യത്തു വളരെ ശക്തിയിലിരുന്നിരുന്നു. എന്നാൽ ഇപ്പോൾ കൊച്ചിരാജ്യത്തിനാവശ്യമായ ചക്കര ബ്രിട്ടീഷ് രാജ്യങ്ങളിൽനിന്നാണു് ഇറക്കുമതി ചെയ്യേണ്ടിവന്നിരിക്കുന്നതു്. അതിനുള്ള കാരണം കൊച്ചി ഗവമ്മെണ്ടു ചക്കര വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നില്ല എന്ന ഒരു കുറ കാഴ്ചമാണു്. ചെത്തു തൊഴിലാളികൾ സകല വിധത്തിലും കഷ്ടപ്പെടുന്ന ഒരു തൊഴിൽ സംഘമാണു്. തൊഴിലുകൾ പല തരത്തിലുണ്ടെങ്കിലും ഇത്രയും യത്നം ചെയ്യേണ്ടുന്ന തൊഴിൽ എടുക്കുന്നവർ ചെത്തു തൊഴിലാളികളെപ്പോലെ മറ്റാരുമില്ല. പുലർകാലം ചെത്തുന്ന ഒരേപ്പാടാണെങ്കിൽ ആവറേജു് പത്തു തെങ്ങു ചെത്തുന്ന ഒരു ഈഴവൻ ആവറേജു് 8¾ നാഴിക വഴി മേല്പോട്ടും കീഴ്പോട്ടുമായി നടക്കണം. തിരുവോണമായാലും വിഷുവായാലും ആ ചെത്തുകാരന്റെ പിറന്നാളായാലും ഞങ്ങളുടെ കുലഗുരുവായ ശ്രീനാരായണ ഗുരുസ്വാമികളുടെ ജന്മദിനമായാലും അവനു് അവന്റെ ജോലി മുടക്കുവാൻ പാടില്ല. ഇത്രയും കഷ്ടപ്പെടുന്ന ഒരു ജോലിക്കാരനു ദിവസത്തിൽ നാലണയെങ്കിലും വക കിട്ടുന്നില്ലെന്നവന്നാൽ അതു് അതിലും വലിയ കഷ്ടമായിട്ടുള്ള ഒരു സംഗതിയാണു്. അതിനുള്ള കാരണം ഗവമ്മെണ്ടിന്റെ ഉപദ്രവം കൊണ്ടല്ലെങ്കിലും ഗവമ്മെണ്ടിന്റെ സഹകരണത്തോടുകൂടി ഷാപ്പുകാർ പുളിങ്കള്ള ചെത്തുകാരോടു നിർദ്ദയമായി പെരുമാറുന്നതുകൊണ്ടാണു് ഈ വിധത്തിലുള്ള കഷ്ടതകൾ അനുഭവിക്കുവാൻ ഇടയാകുന്നതു്. ഈ വിധത്തിലുള്ള കഷ്ടതകളിൽനിന്നും അവരെ ഒന്നു് മുക്തരാക്കണമെങ്കിൽ ചക്കര വ്യവസായം ഏറ്റെടുത്തുനടത്തുന്നതു കൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടും സാധിക്കയില്ല. എന്നതന്നെയല്ല അടുത്ത മദ്ധ്യാസിൽതന്നെ ചില ജില്ലകളിൽ ഇപ്പോൾ മദ്യനിരോധനം ഏർപ്പെടുത്തിട്ടുണ്ടു്. അടുത്ത അവസരത്തിൽ അതു് നമ്മുടെ മലബാറിലും മറ്റു പല സ്ഥലങ്ങളിലും ഏർപ്പെടുത്തുവാനും ഇടയുണ്ടു്. അതു കൊച്ചിരാജ്യത്തിൽ വരാതിരിക്കാൻ കഴിയുകയില്ല, അതു വരുകയും വരുത്തുകയും ചെയ്യും. അങ്ങിനെ വന്നാൽ അവക്കു ഒരു തൊഴി

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

ലുണ്ടാകണം. അതായത് ചക്കരചെത്തു വ്യവസായം എടുപ്പിട്ടുത്തിയാൽ അവക്കു തൊഴിലില്ലാത്ത ഒരു കഷ്ടത വരുകയില്ല. ചക്കരകൊണ്ടു പലതരത്തിലുള്ള വ്യവസായം നടത്താമെന്ന് ഈയിടെ പരീക്ഷണംകൊണ്ടു കണ്ടുപിടിക്കുവാൻ സാധിച്ചിട്ടുണ്ട്. വിദഗ്ധനായ ഒരാളുടെ സഹായസഹകരണത്തോടുകൂടി ജനങ്ങൾ ഒരു കമ്പനി രജിസ്റ്റർ ചെയ്തു നടത്തുവാൻ ഉത്സാഹിച്ചുവരുകയും ചെയ്യുന്നു. ചക്കര ചെത്തിനു ലൈസൻസു കിട്ടാത്തതുകൊണ്ടു ചക്കര ചെത്തുവാൻ അവക്കു സൗകര്യമില്ല. ഈ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുവാനും സാധിക്കയില്ല. ശീമയിൽനിന്നും തങ്കക്കടലാസുകൊണ്ടു പൊതിഞ്ഞുകൊണ്ടുവരുന്ന ചോക്ലേറ്റ് ഇവിടെ ചക്കരയിൽനിന്നും ഉണ്ടാക്കുവാൻ സാധിക്കും. അതേസമയത്തുതന്നെ ഈ ചോക്ലേറ്റ് ഞങ്ങൾ ഉണ്ടാക്കിട്ടുണ്ടെന്നും അതു ഇവിടത്തെ ബഹുമാനപ്പെട്ട മെമ്പർമാർക്കു വിതരണം ചെയ്യണമെന്നും ഞാൻ വിചാരിച്ചിട്ടുണ്ട്. ഒരു ഈഴവപ്രതിനിധിയെന്ന നിലയിൽ എനിക്കു മറവുള്ള സാമാജികന്മാരെ അറിയിക്കാനുള്ളതു ഞങ്ങളുടെ വ്യവസായം അഭിവൃദ്ധിപ്പെട്ടുവരുന്നുണ്ടെന്നും കൊച്ചീരാജ്യത്തു് ഒരു നല്ല വ്യവസായമുണ്ടെങ്കിൽ അതു രാജ്യത്തിനും ജനങ്ങൾക്കും അഭിവൃദ്ധിയായി തീരുമെന്നുമാണു്. ഞാൻ വൃശ്ചികത്തിൽ വരുമ്പോൾ ഞങ്ങൾ ഉണ്ടാക്കിട്ടുള്ള ചോക്ലേറ്റിന്റെ സാമ്പിൾ കൊണ്ടുവരാമെന്നും വിചാരിക്കുന്നു.

ഇപ്പോൾ ചെത്തുതൊഴിലായിട്ടുള്ളവക്കു ചക്കര ചെത്തിനു ലൈസൻസു് അനുവദിക്കയില്ല. ഷാപ്പുകാരുടെ ബുദ്ധിമുട്ടുകൊണ്ടു് പുളിങ്കള്ള ചെത്തുവാനും നിവൃത്തിയില്ല.

Dr. A. R. Menon (*Trichur-North*): ആക്കെങ്കിലും ചക്കര ചെത്തിനു ലൈസൻസു് കൊടുക്കാത്തതായി അറിയാമോ?

Mr. K. S. Panicker (*Ezhuvas-Mukundapuram*): From my practical experience I say that the Government is totally refusing to give licences.

കുറച്ചുദിവസത്തിനുമുമ്പു് മീനം സെഷനിലാണെന്നു തോന്നുന്നു മേലൂർ വില്ലേജിൽനിന്നു ഇതിനെ സംബന്ധിച്ചു് കിട്ടിയ ഒരു കറസ്പോണ്ടൻസിൽ ചില സംഗതികൾ പറഞ്ഞിട്ടുണ്ടു്. അതായതു് 'ഗവമ്മെണ്ടിന്റെ അറിവുകൂടാതെ ഗവമ്മെണ്ടിൽ പണമടക്കാതെ ഗവമ്മെണ്ടിനെ വഞ്ചിച്ചുകൊണ്ടു് ആരുടേയോ രഹസ്യപ്രേരണയാൽ കുറെ തെങ്ങും പനകളും ചെത്തുന്നു' എന്ന സംഗതി അതിൽ പറഞ്ഞിട്ടുണ്ടു്. ഇപ്പോൾ പലസ്ഥലങ്ങളിൽനിന്നും, ചക്കര ചെത്തിനു ലൈസൻസു് അനുവദിക്കുന്നില്ല എന്നു് കൊച്ചീരാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നും പരാതികൾ എനിക്കു കിട്ടികൊണ്ടിരിക്കുന്നുണ്ടു്. പുളിങ്കള്ള ചെത്താമെന്നുവെച്ചാൽ ഷാപ്പുടമസ്ഥന്മാർ കള്ളെടുത്തു കൊടുക്കുന്നതു കണ്ടു എന്നും മറ്റും പറഞ്ഞു അവരെ അന്യായമായി ബുദ്ധിമുട്ടിക്കുന്നു. അതുകൊണ്ടാണു് ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ ചെത്തുതൊഴിലാളികൾ പത്തു കല്പനകൊണ്ടുവന്നിട്ടുള്ളതു്. കുസ്തുനികൾക്കു അവരുടെ മോശ കൊടുത്തപോലെയാണു് പത്തു പ്രമാണങ്ങൾ അവർ ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുള്ളതു്. ആ പ്രമാണങ്ങൾ ഇതാണു്.

"മുകുന്ദപുരം താലൂക്കു ചെത്തു തൊഴിലാളി സംഘം ചെത്തുതൊഴിലാളികളുടെ അടിയന്തിരാവശ്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

ക. ചെത്തുതൊഴിലാളികളുടെ അതിരറ്റ അവശതകളെ ബഹുമാനപ്പെട്ട ഗവൺമെണ്ടു് നേരിട്ടു് അന്വേഷിച്ചറിവാൻ കനിവുണ്ടാകണം. ഖ. ലൈസൻസു് കൂടാതെ ചക്കരക്കള്ളെടുക്കുവാൻ അയൽ രാജ്യമായ ബ്രിട്ടീഷു് മലബാറിൽ സ്വാതന്ത്ര്യമുള്ളതുപോലെ കൊച്ചിയിലും നടപ്പാക്കണം. ന. ഒരു തെങ്ങിനു് ഇപ്പോൾ വ്യവസ്ഥപ്പെടുത്തിയിരിക്കുന്ന വിധം കാലാവസ്ഥാദൃഷ്ട്യാകൊണ്ടോ മറ്റോ ഷാപ്പുകാരനു് കള്ളു കൊടുക്കുവാൻ സാധിക്കാതെ വന്നാൽ ക്രയം പിടിക്കുന്ന ഏപ്പാട്ടു നിശ്ലേഷം മാറ്റേണ്ടതാണു്. ര. ഗവൺമെണ്ടിൽനിന്നു നിരക്കുവെച്ചിരിക്കുന്ന അളവിനെ അവഗണിച്ചു വാസ്തവമായവിധം കള്ളെടുക്കുന്ന സമ്പ്രദായം മാറ്റേണ്ടതും അളവു് പാത്രങ്ങളെ നിത്യവുമെന്നോണം എക്സൈസു് അധികാരികൾ നോക്കേണ്ടതുമാണു്. ഒ. അതാതു ദിവസത്തെ കള്ളുവില അതാതു ദിവസം കൊടുക്കണം. ന. പുളിങ്കള്ളു ചെത്തുലൈസൻസു് വ്യവസ്ഥയിലെ ൨-ാംഖണ്ഡികപ്രകാരം എക്സൈസു് ഡിപ്പാർട്ടുമെണ്ടിലെ ഏതെങ്കിലും ഉദ്യോഗസ്ഥനുമായി ലൈസൻസുകാരൻ പണസംബന്ധമായ എന്തെങ്കിലും എപ്പാട്ടചെയ്തിട്ടുള്ളതു് തീരെ വിരോധിച്ചിട്ടുള്ളതുപോലെ ചെത്തുകാരനും ഷാപ്പുകാരനും തമ്മിൽ കള്ളുവില കൂടാതെ പണസംബന്ധമായ യാതൊരു ഇടപാടും ചെയ്യുവാൻ പാടുള്ളതല്ല. ഫ. ഷാപ്പുകാരൻ വൃക്ഷനികുതി കെട്ടീട്ടുണ്ടെന്നു് വ്യാജംപറഞ്ഞു ചെത്തുകാരായ ചില പാവങ്ങളെക്കൊണ്ടു് ചെത്തിച്ചുവരുവെ പുതിയ എക്സൈസുകാർ ചെത്തുകാരെ അറസ്റ്റുചെയ്യുന്ന സമ്പ്രദായം ധാരാളമായി കണ്ടുവരുന്നതുകൊണ്ടു് മുമ്പുവെക്കാതെ യാതൊരു ചെത്തുകാരും ചെത്തരുതെന്നും ഷാപ്പുകാർ പ്രേരിപ്പിക്കരുതെന്നും നിരോധിച്ചിരിക്കണം." എന്നു തുടങ്ങിയവകളാണു് പത്തു പ്രമാണങ്ങൾ.

ഇപ്പോൾ ചക്കരചെത്തു വ്യവസായത്തെ പ്രോത്സാഹിപ്പിക്കയാണെങ്കിലും പുളിങ്കള്ളു് എപ്പാട്ടു വേണ്ടെന്നു വെച്ചാലും അതിൽ വലിയ ഗുണവും ദോഷവുമുണ്ടു്. ദോഷമെന്താണെന്നുവെച്ചാൽ ഗവൺമെണ്ടിനു് അന്യായമായി കിട്ടുന്ന പണത്തിൽ സ്വല്പം കുറവുവരുമെന്നുള്ളതാണു്. കള്ളുകുടിച്ചു ലഹള കൂട്ടുന്നവരിൽനിന്നും പിഴയഴിയായി ഗവൺമെണ്ടിനു കിട്ടുന്ന ആദായവും പോകും. എന്നാൽ കൊച്ചി ഗവൺമെണ്ടു് ഒരു കാലത്തു വളരെ പരിഷ്കൃതരീതിയിൽ നടത്തിവന്നിരുന്നതും ഇപ്പോൾ മൃതപ്രായമായി, മൃതപ്രായമാക്കി തീർത്തു് വീണ്ടും അതിനെ പുനർജീവിപ്പിച്ചു് പരിഷ്കൃത രീതിയിൽ അതായതു് എക്കണോമിക് സർവ്വെ നടത്തിയ ആ മാന്യദേഹത്തിന്റെ വാദപ്രകാരം പ്രവൃത്തിക്കയാണെങ്കിൽ ഇതിനെ അഭിവൃദ്ധിപ്പെടുത്തുവാൻ സാധിക്കും.

കൊച്ചി ഗവൺമെണ്ടു് ഇതിനു് മറുപടി പറയാൻ വിചാരിച്ചിരിക്കുന്നതു് എന്താണെന്നു് ഞാൻ പ്രശ്നം കൊണ്ടു പറയാം. "ചക്കര ചെത്തെന്നും പറഞ്ഞു് കള്ളു ചെത്തി അവർ ഇവിടെ അഴിമതി വരുത്തിവെക്കും; അതു വാറ്റി ചാരായം എടുക്കും" എന്നൊക്കെ ആയിരിക്കും അവർ പറയുന്നതെന്നു് എനിക്കറിയാം. ഞാൻ പറയുന്നു അങ്ങിനെ ആരെങ്കിലും ചെയ്യുന്നുണ്ടെങ്കിൽ അതു് എക്സൈസു് ഡിപ്പാർട്ടുമെണ്ടിൽനിന്നും അന്വേഷിച്ചു കണ്ടുപിടിച്ചു് അവരെ ശിക്ഷിക്കണമെന്നു്. അതു് കണ്ടുപിടിക്കുവാൻ അവർക്കു സാധിക്കുന്നില്ലെങ്കിൽ ഗവൺമെൻറിന്റെ പൊതുഭണ്ഡാരത്തിൽനിന്നും ഒരു വലിയ തുക പൂഷണംചെയ്തെടുക്കുന്ന ആ ഡിപ്പാർട്ടുമെൻറുതന്നെ പിരിച്ചുവിടണമെന്നാണു് എന്റെ അഭിപ്രായം. അവർ കുറ്റം ചെയ്താലോ എന്നു കണക്കാക്കി പറയു

LIBRARY ARCHIVES Kerala Legislative Assembly

ന്നതു് ഒരിക്കലും പ്രായോഗികമല്ല. ഈ വക അഴിമതികൾ ആരെങ്കിലും ചെയ്യുന്നുണ്ടെങ്കിൽ അവരെ ഗവണ്മെൻറിൽനിന്നു് ശിക്ഷിക്കുന്നതിൽ ഞങ്ങൾക്കു വിരോധമില്ല. അതുകൊണ്ടു് ഇങ്ങിനെയുള്ള ദോഷങ്ങൾ വരുമെന്നുള്ളതുകൊണ്ടാണു് ലൈസൻസ്സു കൊടുക്കാതിരിക്കുന്നതു് എന്നുണ്ടെങ്കിൽ അതു തീരെ അനാശാസ്യകരമായ ഒന്നാണെന്നു് ആദ്യംതന്നെ ഞാൻ ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. ബ്രിട്ടീഷിൻഡ്യയിലോ മലബാറിലോ ഇപ്പോൾ ചക്കര ചെത്തിനു ലൈസൻസ്സേയില്ല. മദ്രാസു സംസ്ഥാനത്തിൽ ചക്കര ചെത്തിനു് ലൈസൻസ്സില്ലാത്തതുകൊണ്ടു് മദ്രാസു് സംസ്ഥാനത്തിലെ സകല ജില്ലകളും ആകാശം പൊട്ടിവീണു് തകർന്നുപോയില്ല; കിഴവനച്ചാലിൽ ആണ്ടുപോയിട്ടില്ല. ഈ വക സംഗതികൾ കൊണ്ടും കൂടിൽ വ്യവസായത്തെ പ്രോത്സാഹിപ്പിക്കണമെന്ന നയം ഗവണ്മെൻറിനുണ്ടെന്നുള്ളതുകൊണ്ടും ഗ്രാമങ്ങളെ അഭിവൃദ്ധിപ്പെടുത്തുവാൻ പറ്റുമായ ഇത്തരം കൂടിൽ വ്യവസായത്തെ പ്രോത്സാഹിപ്പിക്കേണ്ട കടമയും ഗവണ്മെൻറിനുണ്ടു്.

Mr. A. Eachara Menon (*Chittur-Rural*): പണം കൊടുക്കാതെ ലൈസൻസ്സു കൊടുക്കുന്നുണ്ടല്ലൊ?

Mr. K. S. Panicker (*Ezhuvas-Mukundapuram*): പണം കൊടുക്കാതെ ലൈസൻസ്സു് വാങ്ങുന്നതിനേക്കാൾ നല്ലതു് പണം കൊടുത്തു ലൈസൻസ്സു് വാങ്ങുകയാണു്. അതിനു കാരണം ഒരു ലൈസൻസ്സു ഫീ കൊടുത്തിരുന്ന സംഖ്യയേക്കാൾ മാമൂൽ ചിലവുകൾ ചെയ്യണം. ഇങ്ങനെയുള്ള മാമൂൽ ചിലവുകളെയെല്ലാം പൂർത്തിയാക്കി ലൈസൻസ്സു കിട്ടുന്നതിനും വളരെ പ്രയാസമുണ്ടു്. ഈ വക സംഗതികളെല്ലാം ആലോചിച്ചു് തൊഴിലില്ലാതെ കഷ്ടപ്പെടുന്ന ജനങ്ങൾക്കു തൊഴിലുണ്ടാക്കുവാൻ പറ്റുമായ ഈ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുവാൻ ഗവണ്മെൻറു് പരിശ്രമിക്കണമെന്നും ഈ വ്യവസായത്തിനു് ലൈസൻസ്സുഫീ ഇല്ലാതാക്കിത്തരണമെന്നുമാണു് ഈ പ്രമേയം മൂലം ഗവണ്മെൻറിനോടപേക്ഷിക്കുന്നതു്. അതുകൊണ്ടു് നിയമസഭാസാമാജികന്മാരെല്ലാവരും യോജിക്കുന്നപക്ഷം എൻറെ ഈ പ്രമേയത്തോടു അനുകൂലിച്ചു വോട്ടു ചെയ്തു് പാസ്സാക്കിത്തരണമെന്ന അപേക്ഷയോടുകൂടി ഞാൻ ഇതു് ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

Mr. V. J. Mathai (*Planters*): Sir, In supporting this motion I shall bring to the notice of the hon'ble members of this House and of the Government certain aspects of this question which have not been touched elaborately by my hon'ble friend, the mover. It will not only be in the interests of the tappers but it will also be to the ultimate benefit of the cultivator and the landlord if greater encouragement is given to sweet toddy tapping in the State. It does not require any sort of elaboration or argument to show that if palmyrahs and cocoanut trees from which sweet toddy can be extracted, are allowed to be tapped on a larger scale, the cultivator who rears up the trees and the landlords who own them will ultimately be benefitted.

From another aspect, it will be found that a vast quantity of sugar, formerly imported from outside India, but now from

LIBRARY ARCHIVES Kerala Legislative Assembly

within India, for which we are paying from our slender resources will not have to be imported. If greater encouragement is given to the sweet-toddy-tapping industry and the sugar which is being imported into Cochin can be excluded, the poor cultivator and the rural population—not only the rural population but town folk also—would stand to benefit. I feel that if free licences are given and if greater encouragement is thereby given to sweet toddy tapping, not only one industry but several other allied industries will also grow. I have come across some endeavours in this direction and have seen not only the common variety of 'chakkara' but several other sweets in the form of chocolates, made from sweet toddy. From this point of view it will certainly be to the immense benefit of the rural population if sweet toddy tapping is allowed on a large scale. As pointed out by the hon'ble the mover, the difficulty does not lie exactly in the matter of the fee paid to the Government, but in the prohibition that is implied in the licence. I therefore request the Government to be very generous and liberal in this respect and I would point out to their kind attention that the licence fee is not the one that stands in the way but the prohibition and also the interference by the lower grade officers of the department. That interference may sometimes be carried to certain extents causing hardship to the people. It might be difficult to get the licence in time and to keep up to the requirements of the laws enacted thereabout. The only objection that the Government can raise and will raise is that there will be illicit tapping of fermented toddy on account of free licence being issued for sweet toddy tapping. But that difficulty arises always in spite of licences being given. Therefore the Government will have to watch. Even if some detriment is caused to the Government revenues, I would in the interests of the rural population and in the interests of the possibility of the development of a major industry which would be ultimately to the benefit of the Government and to the people, strongly commend this motion to the House and I would appeal to the members for supporting the motion. In doing so I may wind up my little speech by a further statement. Government have now adopted the policy of giving encouragement to rural industries and cottage industries and have earmarked a certain amount of money for developing them. Here is an instance in which no money will have to be spent for developing an industry. Government have simply to say, "You carry on an industry and the industry will develop". I would therefore request the Government to be very large minded in the matter and very very liberal in its policy towards the development of sweet toddy tapping.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. M. Subramania Ayyar (*Commissioner of Excise*): Sir, Government have absolutely no objection to encourage jaggery tapping industry as far as possible. The object of the resolution is to do away with the system of issuing licences and marking the trees. The Government do not approve of it. I will explain to this House how it is very easy to tap for fermented toddy illicitly if the system now prevailing is done away with. Licences are now issued for tapping for jaggery toddy and the trees so licensed are marked. The only difference in the tapping for fermented toddy and jaggery toddy consists in coating the inside of the pot with lime. If it is not coated with lime it becomes fermented toddy. By licensing the tapping for fermented toddy Government realise as tree-tax an income of nearly two and a half lakhs of rupees per year. In the case of tapping for jaggery toddy the Government are issuing licences but no fee is charged. Trees are also marked without realising any amount from the tappers. It is highly necessary for the Government to know what trees are tapped for fermented toddy and what trees for jaggery toddy. Unless this difference is known it is quite impossible for the Government to have a proper check over the tappers. Government will have to detect fraudulent cases and prosecute the offenders. If the trees are not marked it is very difficult to know whether the trees are being tapped for jaggery or for fermented toddy. The officers of the Department will have to climb every tree.

Mr. K. Ayyappan (*Ezhuvas-Kanayannur*): For what?

Mr. K. M. Subramania Ayyar (*Commissioner of Excise*): To know whether it is tapped for fermented toddy or for jaggery toddy. If the trees are not marked we do not know whether it is tapped for jaggery or not. Therefore one has to climb up the tree and see what it is.

Mr. K. Ayyappan (*Ezhuvas-Kanayannur*): Even if the tree is marked you cannot distinguish it.

Mr. K. M. Subramania Ayyar (*Commissioner of Excise*): But there is this difference. We can easily find out the persons who have been given licences for tapping for jaggery toddy from our register. If there is no licence and the trees are not marked we have to go up and see whether it is tapped for fermented toddy or jaggery toddy. At any rate under the present system the officer can know from the records and by looking at the tree that it is marked for jaggery toddy.

Mr. A. Eachara Menon (*Chittur-Rural*): Is it the contention of the department that cases are detected without information being given by somebody else?

LIBRARY ARCHIVES Kerala Legislative Assembly

Mr. K. M. Subramania Ayyar (*Commissioner of Excise*): Not in all cases. By inspection also we detect cases.

Mr. V. J. Mathai (*Planters*): On a point of information, may I know what is the difference between the trees which have been given licence and the trees which are not given licence?

Mr. K. M. Subramania Ayyar (*Commissioner of Excise*): The trees which are given licence are marked.

Mr. K. Ayyappan (*Ezhuvas-Kanayannur*): Therefore you want to restrict the jaggery tapping?

Mr. K. M. Subramania Ayyar (*Commissioner of Excise*): No. Certainly not. The number allowed for tapping for jaggery toddy is known and therefore it is easy for detection if there is illicit tapping. That is all.

Mr. V. P. Kannu Pillai (*Mattancheri*): ആരെപേക്ഷിച്ചാലും ഫ്രീ ലൈസൻസു കിട്ടുമോ?

Mr. P. Govinda Menon (*Mulakunnathukavu*): Irrespective of caste?

Mr. K. M. Subramania Ayyar (*Commissioner of Excise*): Yes.

Mr. K. S. Panicker (*Ezhuvas-Mukundapuram*): പുളിങ്കള്ള് ചെത്തുന്ന തെങ്ങിനു മാർക്ക് ചെയ്തു കഴിയുന്നതു എന്നാണ്?

Mr. K. M. Subramania Ayyar (*Commissioner of Excise*): That is another matter which does not concern this question. No doubt it is not possible to mark all the trees on the 1st of Chingam itself. But I may assure this House that if the tax has been paid for a tree and it is tapped without the tree being really marked, there is absolutely no chance of that tapper being charged.

Mr. M. K. Devassy (*Adur*): Is there any instance where licence has been refused?

Mr. K. M. Subramania Ayyar (*Commissioner of Excise*): There may be cases of refusal. Most of these tappers always commit mischief. They say that they are tapping for jaggery toddy, but really they will be tapping for fermented toddy. It is not a cumbersome procedure to convert the jaggery toddy into fermented toddy. The hon'ble mover of the resolution suggested in his speech that the present toddy renters cause a great deal of hardship to tappers. That question is not before this House now. It is not possible for the Government to interfere with private contracts between the tappers and the renters. This resolution I fear, would cause loss to the renters, because if

LIBRARY ARCHIVES Kerala Legislative Assembly

people are allowed to tap trees for jaggery toddy without licences, they will be making fermented toddy and therefore the income of the renters will be very much reduced. The result will be that for next year the rentals of the shops will considerably go down. It is very easy to convert jaggery toddy into fermented toddy. If it is kept for 12 hours it becomes fermented toddy, and all his house people and probably his friends will be supplied by him. That means loss of income to the renter.

Mr. C. V. Iyyu (*Kunnamkulam*): All these can happen even now.

Mr. K. M. Subramania Ayyar (*Commissioner of Excise*): Yes. But there is a limit. We can know who the jaggery tappers are and we can watch them. If the present system is done away with, we will not know who the jaggery toddy tappers are. We will have to go and enquire of every man.

Mr. C. V. Iyyu (*Kunnamkulam*): Will the Government be satisfied if any tapper who wants to tap for jaggery toddy gives the information that he is going to tap?

Mr. K. M. Subramania Ayyar (*Commissioner of Excise*): We want to know the trees for inspection purposes. Unless the trees are known it is difficult to have a proper check. We will have to make the work of the inspecting officers lighter. We very easily give licences.

Mr. C. V. Iyyu (*Kunnamkulam*): Only ten trees are given.

Mr. K. M. Subramania Ayyar (*Commissioner of Excise*): One tapper can generally tap 20 trees (cocoanut) a day. It is not possible for him to tap more than 20. My hon'ble friend Mr. Panicker himself has calculated that he has to travel something like 8¾ miles for tapping 10 trees. Considering all these circumstances we have fixed 20 trees to be the maximum.

Mr. Deputy President: We will continue the discussion after lunch.

The House rose for lunch at 1 p. m. and re-assembled at 2-30 p. m. with Mr. N. Govinda Pai, one of the Panel of Chairmen, in the Chair.

Chairman: Hon'ble members, before resuming the discussion I take this opportunity to thank the Government for having nominated me to the Panel of Chairmen and I earnestly request all the hon'ble members of this House to extend their

LIBRARY ARCHIVES Kerala Legislative Assembly

hearty co-operation in the discharge of my duties in keeping with the dignity and high traditions of this House.

Mr. K. M. Subramania Ayyar (*Commissioner of Excise*): Sir, another inconvenience which will be caused by the abolition of the present system, is this:—Under the present system, if a tree which is licensed to be tapped for jaggery toddy is being tapped for fermented toddy, the licensee can be proceeded against although he is not actually caught red-handed. The abolition of the present system will make it difficult to detect such cases unless the tapper is caught red-handed. Then again, since the hon'ble mover of the resolution connected the present fall in the industry with the system now prevailing, I may inform the House that a small fee of about 6 annas per cocoanut tree for jaggery licenses was fixed in 1082. From 1102 onwards, it appears, that the system of taxing was abolished. Prior to 1082 the monopoly of the privilege of tapping was given to contractors who realised a fee of Rs. 10 to 15 for each tree licensed when tapped for jaggery toddy. It was in 1082 that tapping was placed under the strict control of the Government and the system of levying fees for tapping for jaggery toddy continued till 1102. From 1102 the realisation of fees was completely stopped and licenses are being issued freely. So if the fall is after 1102 it cannot be due to the system now in existence of issuing licenses for tapping for sweet toddy. It is not correct to say that a tapper for fermented toddy gets only four annas a day. I understand from enquiries that he will be paid 9 annas per day for tapping.

Mr. K. S. Panicker (*Ezhuvas-Mukundapuram*): ശവമ്മെണ്ടിൽനിന്നു് ൻ ണ. വീതം കൊട്ടക്കാമെന്നുള്ള ഏർപ്പാട് ചെയ്യാമെന്നുണ്ടെങ്കിൽ.....

Mr. K. M. Subramania Ayyar (*Commissioner of Excise*): ശവമ്മെണ്ടിൽനിന്നു കൊട്ടക്കേണ്ടതല്ലല്ലോ അതു്.

Mr. K. S. Panicker (*Ezhuvas-Mukundapuram*): ൻ അണ വീതം കൊട്ടക്കുന്നുണ്ടെന്നു് ശവമ്മെണ്ടിനറിയുമോ?

Mr. K. M. Subramania Ayyar (*Commissioner of Excise*): ഇൻഫർമേഷൻകൊണ്ടു് അറിയാം.

Mr. K. S. Panicker (*Ezhuvas-Mukundapuram*): എങ്ങിനെയുള്ള ഇൻഫർമേഷനാണു്?

Mr. K. M. Subramania Ayyar (*Commissioner of Excise*): അവരോടു ചോദിച്ചു.

Mr. K. S. Panicker (*Ezhuvas-Mukundapuram*): അവരോടു്?

LIBRARY ARCHIVES Kerala Legislative Assembly

Mr. K. M. Subramania Ayyar (*Commissioner of Excise*): ഷാപ്പുകിപ്പാട്ടം.

Sir, it is an arrangement between the renter and the tapper.

I interviewed several renters and they say that nobody will tap unless he is paid 9 annas per day. The relation between the renter and the tapper should be settled between themselves. The terms of that contract should be regulated between themselves. How can the Government interfere with a private contract? It is not possible.

Another complaint made was that the shop keepers are not using proper measures to measure the toddy when delivered to them by the tappers. Under the Penal Code if a measure which is not stamped is used for measuring he is liable to be prosecuted and if they are using unstamped measures for measuring toddy, of course, the remedy is to apply to the Magistrate to take the necessary action. The Police will come and check them. Our officers will also check. If the complaint is found to be true the culprit concerned will be prosecuted. But that is no reason why we should do away with this system. It has absolutely no connection with the system now prevailing. It may take place everywhere, for instance in grocery shops. But they are liable to be prosecuted.

As regards the system now prevailing in British I may say one word. Our revenue as far as rentals and tree-tax are concerned, is far higher than in British India. Here the tree-tax alone comes to $2\frac{1}{2}$ lakhs and the rentals are only $4\frac{1}{2}$ lakhs. Our tree-tax is 50 per cent of the rentals. I made enquiries in Palghat. They do not get even 25 per cent of the rentals as tree-tax. The high rental is due to the system now prevailing. If the system is dispensed with a lot of mischief can be done and I do not think that the toddy shop renters will take the number of trees they are now taking for tapping for fermented toddy. The revenue will considerably go down.

Mr. K. Ayyappan (*Ezhuvas-Kanayannur*): വൃക്ഷക്കരം ഗവൺമെണ്ട് തിരുമാനിക്കുന്നില്ലേ?

Mr. K. M. Subramania Ayyar (*Commissioner of Excise*): വൃക്ഷങ്ങളുടെ എണ്ണം ഗവൺമെണ്ട് തീരുമാനിക്കുന്നതല്ല. ഒരു വൃക്ഷത്തിന് കൊല്ലത്തിൻ വ ശ്രുപാ കൊടുക്കണമെന്നുണ്ട്.

Mr. K. Ayyappan (*Ezhuvas-Kanayannur*): അവർ കള്ളി ന് ആവശ്യമുള്ളിടത്തോളം വൃക്ഷങ്ങൾ ചെത്തിക്കൊള്ളുകയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

Mr. K. M. Subramania Ayyar (*Commissioner of Excise*): We only fix the minimum.

Mr. K. Ayyappan (*Ezhuvas-Kanayannur*): മദ്രാസിൽ കൊച്ചിയേക്കാൾ വരുന്ന ഏരിയയിൽനിന്നുള്ള വരവെന്താണ്?

Mr. K. M. Subramania Ayyar (*Commissioner of Excise*): ഇതിനേക്കാൾ വളരെക്കുറവാണ്.

Mr. K. Ayyappan (*Ezhuvas-Kanayannur*): ഫിഗേഴ്സ് എത്രയാണെന്ന അറിയണം.

Mr. K. M. Subramania Ayyar (*Commissioner of Excise*): ൨൦ ശതമാനം കിട്ടുന്നില്ല അവിടെ. ൫൦ ഉരുപ്പികയോളം നമുക്കിവിടെ വൃക്ഷക്കരം കിട്ടുന്നുണ്ട്. അവർക്ക് ൨൦ ഉരുപ്പികയെ കിട്ടുന്നുള്ളൂ.

Mr. V. J. Mathai (*Planters*): Will you kindly tell the House whether the parts in British India and Cochin State are equally populated?

Mr. K. M. Subramania Ayyar (*Commissioner of Excise*): The rental does not depend upon the area alone. It depends upon area, population, and several other things.

I interviewed the Inspector of Palghat and he wondered why we are getting so much.

Mr. T. V. Subramania Ayyar (*Nemmara*): Is it a credit to the Government?

Mr. K. M. Subramania Ayyar (*Commissioner of Excise*): Surely. What doubt is there? It shows that unlicensed trees are not tapped. It shows the vigilance of the Excise Department.

Mr. V. J. Mathai (*Planters*): Perhaps the people drink more in these parts.

Mr. K. M. Subramania Ayyar (*Commissioner of Excise*): No.

Sir, if the complaint is as regards the difficulty experienced in getting licenses or as regards the delay in getting licenses, I shall try my best to clear off all those difficulties. Some complaints have been made that although there is no license fee fixed, somebody will have to be tipped to get the license. This complaint exists not only with regard to my department but with regard to every department. Every attempt will be made to reduce such complaints as far as possible. But, Sir, the difficulty is to get proof. There is no complaint as regards a particular officer. If there is a complaint against a particular officer I can

LIBRARY ARCHIVES Kerala Legislative Assembly

assure the House that it will receive the earnest attention of the Head of the Department and every attempt will be made to punish him and to do away with these malpractices, if they exist. But, without pointing out particular officers it is impossible to take action. If such instances are brought to the notice of the Government, the Government will always be very glad to enquire into the matter and punish the delinquents. Even in cases of suspicion against particular officers, they have been transferred from that area and even punished sometimes. All such actions are taken. Hon'ble members need not have any fear that any delay will be caused in the matter of issuing licenses or that they will have to pay anything to get these licenses. The system now existing is a very wholesome one and there is no restriction as to the number of licenses to be issued.

Mr. C. R. Iyyunni (*Trichur-South*): On a point of information, Sir, may I know how many applicants were there last year and how many were refused?

Mr. K. M. Subramania Ayyar (*Commissioner of Excise*): If they get a license for one year it is renewed year after year without any special application being made. If there are new applicants a preliminary enquiry is made as to their antecedents.

Mr. C. R. Iyyunni (*Trichur-South*): What I wanted to know is how many new applications were received last year and how many were refused?

Mr. K. M. Subramania Ayyar (*Commissioner of Excise*): I am sorry I have not got the information. Very few applications are refused. It is not correct to say that almost all applications are refused. Even 20 per cent will not be rejected. I have got the figures for 1112. The number of licenses is 2443, number of cocoanut trees tapped 6690 and Palmyrah trees 2016.

Mr. K. Ayyappan (*Ezhuvas-Kanayannur*): May I know the number of fresh applicants?

Mr. K. M. Subramania Ayyar (*Commissioner of Excise*): I have not got it.

Mr. C. R. Iyyunni (*Trichur-South*): What are the considerations that weigh with the Head of the Department when refusing licenses?

Mr. K. M. Subramania Ayyar (*Commissioner of Excise*): We will see whether he has been convicted for committing any abkari offence.

LIBRARY ARCHIVES Kerala Legislative Assembly

Mr. C. V. Iyyu (*Kunnamkulam*): Will not the Government be satisfied if the Government get the correct information as to the number of trees tapped in each survey number?

Mr. K. M. Subramania Ayyar (*Commissioner of Excise*): There are very many tapping areas. We must be able to identify the trees.

Mr. C. V. Iyyu (*Kunnamkulam*): By posting a card the man must be able to tap the trees.

Mr. K. M. Subramania Ayyar (*Commissioner of Excise*): We must know his previous antecedents.

Mr. C. V. Iyyu (*Kunnamkulam*): Now we have to fill up a form and place something before the clerk and so on.

Mr. K. M. Subramania Ayyar (*Commissioner of Excise*): Sir, this is not the way to put it. These *mamools* probably exist in every department. If specific cases are brought to the notice of the Government the Government will try its best to remedy this malpractice. But that is not a reason for changing the system. The remedy lies in doing away with these malpractices.

Mr. C. V. Iyyu (*Kunnamkulam*): The system is such that it will give room to such malpractices.

Mr. K. M. Subramania Ayyar (*Commissioner of Excise*): If the system now prevailing is done away with the Government will be very seriously affected because the tree-tax will go down. The rentals also will go down.

Sir, the hon'ble members were complaining against the Government's reply "want of funds". If this system is to be done away the 'want of funds' reply will be extended to several more cases and hon'ble members will take into consideration the fall in revenue if this system is done away with. That is all what I have to bring to the notice of this House.

Dr. A. R. Menon (*Trichur-North*): Would there be a corresponding decrease in drinking?

Mr. K. M. Subramania Ayyar (*Commissioner of Excise*): No. The drinking will remain the same. The only difference is they may get it cheaper.

Mr. T. V. Subramania Ayyar (*Nemmara*): That can be done even now.

Mr. K. M. Subramania Ayyar (*Commissioner of Excise*): But we can very easily check it.

LIBRARY ARCHIVES Kerala Legislative Assembly

Dr. A. R. Menon (*Trichur-North*): Do you mean to say that if this sweet toddy is kept for 12 hours it will become fermented toddy?

Mr. K. M. Subramania Ayyar (*Commissioner of Excise*): Yes.

Dr. A. R. Menon (*Trichur-North*): That makes the difference.

Mr. K. Ayyappan (*Ezhuvas-Kanayannur*): സർ, ചക്കരചെത്തു ലൈസൻസ്സ് എടുത്തു കള്ളയണമെന്ന ഈ നിയമസഭ വാദിക്കുവാൻ തുടങ്ങിട്ട് വളരെക്കാലമായി. അതിലേക്ക് ഗവൺമെണ്ടു് പറയുന്ന ന്യായങ്ങളൊന്നും തൃപ്തികരമായി ഇതുവരെ തോന്നിട്ടില്ല. ഉദാഹരണമായി ഇന്ന എക്സൈസ് മെമ്പർ പറഞ്ഞ ഒരു സംഗതിതന്നെ എടുത്തു പറയാം. ഒരു പറമ്പിലുള്ള തെങ്ങൊ പനയൊ ചെത്തിയാൽ ചെത്തിയതാരന്നെന്ന് കണ്ടുപിടിക്കുവാൻ പ്രയാസമാണപോലും. കൊച്ചിസംസ്ഥാനത്തിലാണൊ ഇതു് സംസാരിക്കുന്നതു്. വല്ലവരുടേയും വീട്ടിൽനിന്ന വല്ല സാധനങ്ങളും കട്ടകൊണ്ടുപോയാൽ അതു് കണ്ടുപിടിക്കുവാൻ സാമർത്ഥ്യമുള്ള പോലീസ് ഡിപ്പാർട്ടുമെണ്ടുള്ള ഈ രാജ്യത്തു ആരെങ്കിലും വല്ലവരുടേയും പറമ്പിൽ കയറി തെങ്ങൊ പനയൊ ചെത്തിയാൽ അതു് കണ്ടുപിടിക്കുവാൻ നമ്മുടെ എക്സൈസ് സൈന്യത്തിനു കഴിവില്ലെങ്കിൽ ആ സൈന്യത്തെ പിരിച്ചുവിട്ട വേറെ ആളുകളെ വെക്കണമെന്നാണു് ഞാൻ പറയുന്നതു്. എക്സൈസ് സൈന്യത്തെ റവന്യു മെമ്പർ അപമാനിച്ചതുപോലെയുള്ള അപമാനം ആ ഡിപ്പാർട്ടുമെണ്ടു് അഹിക്കുന്നില്ല. ഈ രാജ്യത്തിലെ ഉത്തരവാദപ്പെട്ട പൌരന്മാരുടെ.....

Mr. K. Achyuta Menon (*Diwan Peishkar*): What have I done? (*Laughter*).

Mr. K. Ayyappan (*Ezhuvas-Kanayannur*): എക്സൈസ് മെമ്പർ റവന്യു മെമ്പർതന്ന മറുപടിപോലെയുള്ള ഒരു മറുപടിയാണ തന്നതു്. ന്യായമായിട്ട നോക്കുമ്പോൾ ഇതും റവന്യുവിനെ സംബന്ധിക്കുന്നകാര്യമല്ലേ?

Mr. K. Achyuta Menon (*Diwan Peishkar*): അതു് ഒരു പ്രത്യേക ഇനം റവന്യു ആണു്.

Mr. K. Ayyappan (*Ezhuvas-Kanayannur*): എക്സൈസ് മെമ്പർ വാസ്തവത്തിൽ ഇവിടത്തെ എക്സൈസ് സൈന്യത്തിന്റെ സാമർത്ഥ്യത്തെ താങ്ങിയാണു് സംസാരിക്കേണ്ടതു്. ഒരു പറമ്പിൽ കയറി തെങ്ങു ചെത്തിയാൽ അതു് ആരാണെന്ന കണ്ടുപിടിക്കുവാൻ സാധിക്കയില്ലെന്ന പറയുന്നതു്.....

Mr. K. M. Subramania Ayyar (*Commissioner of Excise*): സാധിക്കയില്ലെന്ന പറഞ്ഞില്ല, മുഖ്യമുള്ള വളരെയുണ്ടെന്നാണു് പറഞ്ഞതു്. ലൈസൻസുണ്ടെങ്കിൽ ഇന്നാരാണു് ചെത്തിയതെന്നു് ആ ലൈസൻസു നോക്കിയാൽ പെട്ടെന്ന അറിയാൻ സാധിക്കും.

Mr. K. Ayyappan (*Ezhuvas-Kanayannur*): വളരെ പ്രയാസപ്പെട്ടു് വേലയെടുക്കുവാനായിട്ടാണു് വലിയ വലിയ തമ്പളവും തന്നു

LIBRARY ARCHIVES Kerala Legislative Assembly

എക്സൈസ് സൂപ്രണ്ടിനേയും, സൈനൃത്തേയും വെച്ചിരിക്കുന്നത്. (ഹിയർ, ഹിയർ) കാഴ്ച്ചക്ഷമമായ വിധത്തിൽ വേലയെടുക്കുവാൻ മനസ്സില്ലെങ്കിൽ ആ സ്ഥാനം വിട്ടുകൊടുത്തിട്ട മാറിക്കൊള്ളണം. പ്രയാസമാണുപോലും! ഞാൻ പറയുന്നത് ഇതിനേക്കാൾ വളരെ പ്രയാസമായ ഒരു കാഴ്ച്ചമണ്ണ് വയറു പൊരിച്ചിൽ. എത്രയോ കാലമായി ഈ കൊച്ചീരാജ്യത്തിലെ ലൈസൻസ് സമ്പ്രദായത്തെ കണ്ടുകൊണ്ടിരിക്കുന്നതല്ലേ മദ്രാസ് പ്രസിഡൻസി. എന്നിട്ടും ഇതേവരെയായിട്ട് ഈ കുസൃതികളെന്തെങ്കിലും അവർ അവിടെ പകർത്തുകയുണ്ടായോ? ഇവിടത്തെ ന്യായംവെച്ചു നോക്കുകയാണെങ്കിൽ അവർക്കും വരുമ്പ വേണ്ടേ? വല്ല വരുമ്പ കുറവും അവർ സഹിക്കുന്നുണ്ടെങ്കിൽ അതു് അവിടെയുള്ള ജനങ്ങളുടെ ക്ഷേമത്തെ ഓർത്തിട്ടാണ്. കൊച്ചി ഗവമ്മെണ്ടും മദ്രാസ് ഗവമ്മെണ്ടിനെപ്പോലെ ജനക്ഷേമത്തെ ഓർത്തു പ്രവർത്തിക്കേണ്ടതാണ്. വളരെക്കാലമായിട്ട ഈ കൊച്ചിയേക്കാൾ എത്രയോ ഇരട്ടി വലിപ്പമുള്ള ഒരു രാജ്യത്തു ഈ ഇനത്തിൽനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടം കണക്കാക്കുകയാണെങ്കിൽ അതു് എത്ര ലക്ഷമായിരിക്കണം. ആ നഷ്ടം അവർ സഹിക്കാമെന്നു വിചാരിക്കുന്നതു് ലൈസൻസ് വെക്കുന്നതുകൊണ്ടു് ദോഷമില്ലെന്നു കണ്ടിട്ടോ, ലൈസൻസ് വെക്കാതിരുന്നാൽ വരുന്ന ദോഷം ഇണ്ടത്തേക്കാൾ എത്രയോ നിസ്സാരമാണെന്നു മനസ്സിലാക്കീട്ടോ ആയിരിക്കണം.

ഈ സംഗതിയിൽ ഇവിടെ പറഞ്ഞുകേട്ടതൊന്നുമല്ല പരമാർത്ഥം. ഇതിനു് ഗവമ്മെണ്ടും എക്സൈസ് കമ്മീഷണരും ഉത്തരവാദിയല്ല. ഈ ലൈസൻസ് പുറപ്പെടുവിക്കുവാൻവേണ്ടിയുള്ള ചിലരുടെ സ്വപാർക്കളിൽ തുടരെത്തുടരെ ഗവമ്മെണ്ടു് അനുകൂലമായിരിക്കുന്നതുകൊണ്ടാണു് ഗവമ്മെണ്ടു് ഇങ്ങിനെയുള്ള അപത്തിൽ ചെന്നുചാടുന്നതു്. ഫീസില്ലാതെ ലൈസൻസു് കൊടുക്കുക എന്നും മറ്റും പറയുന്നതു് വെറുതെയാണു്. അങ്ങിനെയുള്ള സ്വപാർകർക്കും ഉപദേശങ്ങൾക്കും വഴിപ്പെട്ട ഈ ഗവമ്മെണ്ടു് നില്ക്കുന്നതെന്നാണു് ഞാൻ പറയുന്നതു്. മദിരാശിയിലെ നടപടികൾ എല്ലാസംഗതികൾക്കും പകർത്തുന്ന സമ്പ്രദായം ഈ വിഷയത്തിലും സ്വീകരിക്കണമെന്നാണു് പറയുന്നതു്. എക്സൈസ് മെമ്പർ ഇവിടെ പറഞ്ഞ പ്രയാസങ്ങളൊന്നും ഒരു പ്രയാസമല്ല. മിസ്റ്റർ മത്തായി പറഞ്ഞതുപോലെ കള്ളു ചെത്തുന്നതിനനുവദിക്കുന്ന തെങ്ങുകൾക്കു നമ്പറിടുക, മറ്റുള്ളവർ എത്ര തെങ്ങുവേണമെങ്കിലും ചെത്തിക്കൊള്ളട്ടെ. ഞാൻ ഈ അവസരത്തിൽ എക്സൈസ് മെമ്പറുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതു് പ്രോഹിബിഷൻ നടപ്പാക്കിയ സേലത്തെ കാഴ്ച്ച ഓർമ്മവെക്കണമെന്നാണു്. പ്രോഹിബിഷൻ നടപ്പാക്കിയിടത്തു വ്യാജംകുടൻ ഇടയുണ്ടല്ലൊ. എന്നിട്ടും അവിടെ ചക്കരചെത്തിനു ലൈസൻസില്ല. ചെത്തുകാരായ സാധുക്കളെ പിഴിഞ്ഞെടുത്തുവേണം എക്സൈസ് സിൽബന്ധികൾക്കു് പണം കൊടുക്കുവാൻ എന്നുള്ള ഉദ്ദേശമാണെങ്കിൽ എന്തെങ്കിലും ചെയ്തുകൊള്ളുക. ഇപ്പോഴത്തെ നിലയിൽ ആ ഉദ്ദേശമല്ലാതെ വേറെ ഒന്നുമുള്ളതായി ഞാൻ കാണുന്നില്ല. ലൈസൻസു് വേണ്ടെന്നുവെച്ചാൽ വിഷമമാണു്, എല്ലാവരും ചക്കരചെത്തും, ആ ചക്കര വർ മണിക്കൂർ നേരംവരെ വെച്ചിരുന്നാൽ കള്ളു് അകം എന്നു പറയുകയുണ്ടായി. ലൈസൻസുപ്രകാരം ചെത്തുന്ന ചക്കരയും അതുപോലെ വെച്ചിരുന്നാൽ കള്ളാകും. ഇന്ന ന്യായംകൊണ്ടാണു് നിങ്ങൾ ഈ അനാവശ്യ സമ്പ്രദായം നിറുത്തിക്കൊണ്ടുപോകുന്നതെന്നു മനസ്സിലാകുന്നില്ല. എല്ലാ സമ്പ്രദായങ്ങളിലും കുറെ കള്ളവും കുറെ സത്യവും ഉണ്ടാകും. അതുപോലെ ചെത്തിലും ഉണ്ടാകും. ഈ തൊഴിൽ മാത്രമേ ഇന്നു ഞങ്ങൾക്കു കൂത്തുകയുള്ളൂ. ആ കൂത്തുകയെങ്കിലും വിഷമംകൂടാതെ അനുഭവിക്കുവാൻ ഞങ്ങൾക്കു് സൌകര്യം തരണമെന്നാണു് പറയുന്നതു്. അതിലും വന്നു നിങ്ങൾ കയ്യി

LIBRARY ARCHIVES Kerala Legislative Assembly

ട്ടാലോ? അതുകൊണ്ട് എക്സൈസ് മെമ്പർ ദയവുചെയ്യ്,—എന്തെങ്കിലും തെറ്റുപറഞ്ഞുപോയിട്ടുണ്ടെങ്കിൽ തരക്കേടില്ല, പറഞ്ഞുപോയി എന്നു വിചാരിച്ചു തെറ്റാണെന്നു കണ്ടാൽ പിന്നെ അതിൽ പിടിച്ചു നില്ക്കുന്നതു് കൊച്ചി ഗവൺമെണ്ടിന്റെ സമ്പ്രദായമല്ലല്ലൊ,—ഇനിയെങ്കിലും പരമാർത്ഥം പറഞ്ഞിട്ടു ചെത്തുകാരുടെ രക്ഷക്കുവേണ്ടിയും, ചക്കരവ്യവസായത്തിന്റെ രക്ഷക്കു വേണ്ടിയും നമ്മുടെ നാട്ടിൽ ചക്കര അധികം ഉണ്ടാകുവാൻ വേണ്ടിയും ഈ ലൈസൻസു് എടുത്തുകളയുവാൻ ഗവൺമെണ്ടിനോടു് ശുപാർശചെയ്യാൽ കൊള്ളാം. അതിനുള്ള ദയവു് അങ്ങേഹത്തിനുണ്ടാകണമെന്നു മാത്രമെ എനിക്കു പറയുവാനുള്ളൂ.

Mr. V. P. Kannu Pillai (*Mattancheri*): സർ, ഈ കാര്യത്തിൽ ബഹുമാനപ്പെട്ട എക്സൈസ്സ് മെമ്പർ പറഞ്ഞതുപോലെ ഗവൺമെൻറിനു് ഉലക്ഷം ഉറുപ്പിക നഷ്ടമുണ്ടാകും.

Mr. K. Ayyappan (*Ezhuvas-Kanayannur*): അതെങ്ങിനെയാണെന്നു കണക്കു പറയുക?

Mr. V. P. Kannu Pillai (*Mattancheri*): ഇപ്പോൾ മട്ടാഞ്ചേരിയിൽ ഒരു ഷാപ്പു നടക്കുന്നുണ്ടെങ്കിൽ അവിടെ നിന്നും ഫാ ആളുകൾ ചക്കരക്കു ചെത്തുവാൻ അപേക്ഷ കൊടുത്തതിൽ തള്ളിക്കളയും.

Mr. K. Ayyappan (*Ezhuvas-Kanayannur*): ഒരു ഷാപ്പു നടത്തുന്ന സ്ഥലത്തു ചക്കര ചെത്തുവാൻ പാടില്ലെന്നാണോ പറയുന്നതു്?

Mr. V. P. Kannu Pillai (*Mattancheri*): ആ ഇൻറസ്ടി ശരിക്കു നടക്കുമെന്നു ബോദ്ധ്യമുള്ള ടിക്കുകളിൽ മാത്രമേ കൊടുക്കുകയുള്ളൂ. ബാക്കി ടിക്കുകളിലൊന്നും കൊടുക്കുകയില്ല. ഷാപ്പുകാക്കു ചെത്തുന്ന തെങ്ങുകൾക്കു പണം കൊടുക്കേണ്ട ആവശ്യമില്ല.

Mr. K. Ayyappan (*Ezhuvas-Kanayannur*): മലബാറിലോ?

Mr. V. P. Kannu Pillai (*Mattancheri*): മലബാറിൽ തെങ്ങിനുള്ള കരം വളരെ കുറച്ചേ ഉള്ളൂ. അവിടെയുള്ളവരെപ്പോലെ ഇതിനെ സംബന്ധിച്ചു് പഠിച്ചിട്ടുള്ളവരാരും ഇവിടെയുണ്ടെന്നു തോന്നുന്നില്ല.

Mr. K. Ayyappan (*Ezhuvas-Kanayannur*): മദ്രാസ്സ് ഗവൺമെൻറ് വെറുതെ പണം കളയുമോ? അവിടെ ഈ റവന്യൂ പിരിക്കുന്നില്ലല്ലൊ?

Mr. V. P. Kannu Pillai (*Mattancheri*): ഇതിൽ ഇൻറസ്ടി വളർത്തിക്കൊണ്ടുവരുവാനുള്ള സംഗതിയാണു് പ്രധാനമായി നോക്കേണ്ടതു്.

Mr. K. Ayyappan (*Ezhuvas-Kanayannur*): അതൊന്നുമല്ല, ചെത്തുകാക്കു് തൊഴിലുണ്ടാകണം. ഈ സംഗതിയിൽ ബഹുമാനപ്പെട്ട മിനിസ്റ്റർ ഒരന്വേഷണം നടത്തി ഷാപ്പുകാക്കു നഷ്ടമില്ലാത്ത വിധത്തിൽ കൂടി ഇൻറസ്ടി വളർത്തിക്കൊണ്ടുവരുവാൻ ഉള്ള ഒരു സ്കീം നടപ്പാക്കുന്ന പക്ഷം ഈ ലൈസൻസ് എടുത്തുകളയുവാൻ വിരോധമില്ലാത്തതാണു്. ചക്കര ചെത്തിവെച്ചു് പുളിച്ചതു കൊണ്ടു ദോഷമില്ല. അതു തന്നത്താൻ പുളിച്ചു എന്നു വരുന്നതല്ല

LIBRARY ARCHIVES Kerala Legislative Assembly

Mr. A. Eachara Menon (*Chittur-Rural*) : അതു കൂടിച്ചാൽ വളരെ വ്യത്യാസം കാണും.

Mr. V. P. Kannu Pillai (*Mattancheri*) : ചക്കര ചെത്തുന്നതിനു് ഫ്രീ ലൈസൻസു കൊടുക്കുന്നതായാൽ എല്ലായിടത്തും ശരിയായ വ്യാപാരം നടക്കുകയില്ല. ശരിയായ വ്യാപാരം നടക്കുമെന്നു ബോദ്ധ്യമുള്ളടിക്കിൽ മാത്രമേ ചെത്തുവാൻ പാടുള്ളൂ. അല്ലാത്ത ദിക്കുകളിൽ ചെത്തുവാനനുവദിച്ചാൽ അതു് ഷാപ്പുകാക്കു നഷ്ടത്തിനിടയാകും. അടുത്ത കാലത്തു ചക്കര ധാരാളം ഉണ്ടാക്കാറുണ്ടായിരുന്നു.

Mr. K. Ayyappan (*Ezhuvas-Kanayannur*): മെമ്പറുടെ അഭിപ്രായത്തിൽ നിന്നും ഷാപ്പുള്ള സ്ഥലത്തു് ചക്കര ചെത്തുവാൻ അനുവദിക്കുകയില്ലെന്നു വരുന്നുണ്ടു്.

Mr. V. P. Kannu Pillai (*Mattancheri*): പഞ്ചസാരക്കു പകരം ധാരാളമായി ചക്കര ചെത്താറുണ്ടായിരുന്നു. അതു് താനെ നശിച്ചുപോയതല്ലാതെ നശിക്കുവാനുള്ള കാരണം ഈ നിർബന്ധ ലൈസൻസ്സല്ല. ഇൻറസ്ട്രിയിൽ ഇപ്പോൾ തകരാറുണ്ടെന്നു സമ്മതിക്കുന്നു. ഈ ലൈസൻസു് എടുപ്പാടു കൊണ്ടാണു് നശിച്ചിട്ടുള്ളതെങ്കിൽ നിശ്ചയമായും ലൈസൻസു് എടുത്തുകളയേണ്ടതു തന്നെ.

Mr. K. Ayyappan (*Ezhuvas-Kanayannur*) : സാധുക്കൾക്കു ഉണം ചെയ്യാതിരുന്നാലും ഉപദ്രവമുണ്ടാക്കാതിരുന്നാൽ മതി.

Mr. V. P. Kannu Pillai (*Mattancheri*): ചക്കര ചെത്തു കുറഞ്ഞുപോയ ഈ ലൈസൻസു് വന്നതിനു ശേഷമാണെങ്കിൽ ലൈസൻസു് ഉപേക്ഷിക്കേണ്ടതു തന്നെ. എതായാലും മിനിസ്റ്റർ ഈ കാര്യത്തിൽ ഒരന്വേഷണം നടത്തി ഇൻറസ്ട്രി വർദ്ധിപ്പിക്കുവാൻ തരമുണ്ടെങ്കിൽ നോക്കണമെന്നാണു് ഞാൻ പറയുന്നതു്. ഇപ്പോഴത്തെ നിലയിൽ ഈ ലൈസൻസു് എടുത്തുകളയുകയാണെന്നു വച്ചാൽ ഒ ലക്ഷം രൂപാ ഗവൺമെൻറിനു നഷ്ടമുണ്ടാകും. ഇല്ലിസിറ്റു് ടാപ്പിങ്ങു് നിറുത്തുവാനും സാധ്യമാകയില്ല.

Mr. K. Ayyappan (*Ezhuvas-Kanayannur*) : ലൈസൻസുള്ളതെങ്ങിൽ നിന്നും ചെത്തിയാൽ ഈ വിഷമം വരുകയില്ലേ?

Mr. V. P. Kannu Pillai (*Mattancheri*): ലൈസൻസുണ്ടെങ്കിൽ ചെത്തുന്ന തെങ്ങിനു് ലിമിറ്റഡു് നമ്പറുണ്ടാകും. അല്ലെങ്കിൽ അൺലിമിറ്റഡു് ആയിട്ടേ വരുകയുള്ളൂ.

Mr. V. J. Mathai (*Planters*) : ഒ ലക്ഷം രൂപാ ഗവൺമെൻറിനു നഷ്ടം വരുമെന്നു പറഞ്ഞു. ഏതു തരത്തിലാണു് അതിൻെറ കണക്കെടുത്തതു് എന്നറിഞ്ഞാൽ കൊള്ളാം.

Mr. V. P. Kannu Pillai (*Mattancheri*) : ഒരു ഷാപ്പിനു് ഇത്രതെങ്ങുവേണം എന്നു് നിയമമുണ്ടു്. ആ ഷാപ്പിൽ ധാരാളം കള്ളു ചിലവാകുന്നുണ്ടെങ്കിൽ കൊല്ലത്തിൽ വ ഉറുപ്പികയൊ മറേറാ ഗവൺമെൻറിലേക്കു കൊടുക്കണമെന്നുണ്ടു്. ലൈസൻസു് നിറുത്തിക്കഴിഞ്ഞാൽ അതുപ്രകാരമുള്ള സംഖ്യ കിട്ടുകയില്ല. ആവശ്യമുള്ള കള്ളു് വേറൊ തരത്തിൽ കിട്ടുകയും ചെയ്യും. ബ്രിട്ടീഷിലും മറേറാ നിന്നു് കള്ളു് വരുത്തുന്നതായാൽ ഗവൺമെൻറിനു് കിട്ടുവാനുള്ള ആദായം ഇല്ലാതാകയും ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

Mr. V. J. Mathai (*Planters*): നഷ്ടം രണ്ടു ലക്ഷമുണ്ടാകുമെന്നുള്ളതു് എങ്ങിനെയുള്ള കണക്കു കൊണ്ടാണു്?

Mr. V. P. Kannu Pillai (*Mattancheri*): അതു് ശതമാനത്തിന്റെ തുകയനുസരിച്ചാണു ഞാൻ പറഞ്ഞതു്.

Mr. Ismail Hajee Essa Sait (*Mattancheri*): ബഹുമാനപ്പെട്ട മെമ്പറുടെ പ്രസംഗം അല്പമെങ്കിലും ഔചിത്യം ചേർന്നതല്ലാത്ത തരത്തിൽ സംസാരിക്കുന്നതായിട്ടാണു കേട്ടിടത്തോളം എനിക്കു് മനസ്സിലായിട്ടുള്ളതു്.

Mr. C. V. Iyyu (*Kunnamkulam*): ചക്കര ചെത്തുക എന്നുള്ളതു് ബഹുമാനപ്പെട്ട ഇരുപത്തമെമ്പറുടെ നിയോജകമണ്ഡലത്തെ മാത്രം ബാധിക്കുന്ന ഒരു സംഗതിയല്ല. ബഹുമാനപ്പെട്ട തോട്ടക്കാരൻ മെമ്പർ പറഞ്ഞപോലെ എല്ലാ നിയോജകമണ്ഡലത്തിലുമുള്ള എല്ലാ കൃഷിക്കാരെയും സംബന്ധിച്ചുള്ള ഒരു കാര്യമാണു്. ഇതിനും പുറമെ എല്ലാ ജാതിക്കാരുടേയും ഒരു കുടിൽ വ്യവസായവും കൂടിയാണു്. മധുരക്കള്ളു ചെത്തി അതു വാങ്ങിക്കൊണ്ടുപോയി ചക്കരയാക്കി കുടിൽവ്യവസായം ചെയ്തു ഉപജീവനം കഴിച്ചുവരുന്ന അനവധി കുടുംബങ്ങളുണ്ടു്. അതുകൊണ്ടു് നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിയവർകൾ ഈ ഗ്രാമീണവ്യവസായത്തെ പുനർജീവിപ്പിക്കുന്നതിനും, പോഷിപ്പിക്കുന്നതിനും വേണ്ട സഹായങ്ങൾ ചെയ്യുന്നതിനായി ഗവണ്മെന്റിനെ നിർബന്ധിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

***Mr. K. S. Panicker** (*Ezhuvas-Mukundapuram*): എനിക്കു പറയുവാനുള്ള കാര്യങ്ങളെല്ലാം ഇവിടെ പല മെമ്പർമാരും പറഞ്ഞുകഴിഞ്ഞു. എനിക്കു് ആരുമാരും പറയാത്ത ചില സംഗതികൾ ഇവിടെ പറയുവാനുണ്ടു്. അതായതു് ഇടുക്കിപ്പാട്ടമെങ്കിന്റെ കാര്യക്ഷമതയെപ്പറ്റിയാണു്. ക ക ഠ-ൽ മരിച്ചു ഒരാൾക്കു് ക ക ക വരെ ചക്കരചെത്തു ലൈസൻസുണ്ടായിരുന്നു. ക ക ഠ-ൽ മരിച്ചിട്ടും അയാൾ ക ക ട-ലും ചെത്തുകാരനായിത്തന്നെയിരുന്നു. കഴുർക്കാരനായ കണ്ടപ്പൻ എന്നൊരാളാണു് അതു്. ഇടുക്കിപ്പാട്ടമെങ്കിന്റെ കാര്യക്ഷമതയെപ്പറ്റിയും അന്വേഷണത്തിന്റെ ശക്തിയെക്കുറിച്ചുമാണു പറയുന്നതു്. നിയമസഭയിൽ എന്റെ ഒരു ചോദ്യത്തിനു് ക ക ക-ലേക്കാൾ ക ക ട-ൽ ഠ ാ ഠ-ൽ ചിലപ്പോൾ പഴയ ചെത്തുകാർ കുറഞ്ഞിട്ടുണ്ടെന്നു മറുപടി പറഞ്ഞിട്ടുണ്ടു്. ക ക ന-ൽ കുറുംകുളത്തു് ആനക്കൽ എന്ന സ്ഥലത്തുനിന്നു് ക ഒ ഹർജികളയച്ചിട്ടുണ്ടു്. അതിൽ ക ഒ പേർക്കും ലൈസൻസു് അനുവദിച്ചിട്ടില്ല. ഉടുമ്പഞ്ചോല വില്ലേജിൽ എട്ടുമന ദേശത്തുനിന്നു് ക ന ഹർജികൾ അയച്ചിട്ടുണ്ടു്. അതിൽ ഒരാൾക്കു മാത്രമേ ലൈസൻസു കൊടുത്തിട്ടുള്ളു. ബാക്കി ക ഫ പേർക്കും കൊടുത്തിട്ടില്ല. അതുപോലെ മേലൂർ വില്ലേജിൽനിന്നും ഹർജികൾ വന്നിട്ടുള്ളതിനെ സംബന്ധിച്ചു് ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞിട്ടുണ്ടു്. ചിറ്റൂർ താലൂക്കിൽ.....

Mr. C. R. Iyyunni (*Trichur South*): ഈ ഹർജികൾ അയച്ചിട്ടുള്ളവർ എന്തെങ്കിലും കുറ്റത്തിനു ശിക്ഷിക്കപ്പെട്ടിട്ടുള്ളവരാണോ?

Mr. K. S. Panicker (*Ezhuvas-Mukundapuram*): യാതൊരു കുറ്റത്തിനും ശിക്ഷിച്ചിട്ടില്ലാത്തവരാണു്.

Speech not corrected by the hon'ble member

LIBRARY ARCHIVES Kerala Legislative Assembly

Mr. C. R. Iyyunni (*Trichur-South*) : ഫർജികം കൊടുത്തിട്ട് എത്ര കാലമായി ?

Mr. K. S. Panicker (*Ezhuvas-Mukundapuram*) : അതെല്ലാം തള്ളിപ്പോയി.

Mr. K. M. Subramania Ayyar (*Commissioner of Excise*) : അതിനു വല്ല കാരണങ്ങളുമുണ്ടാകും, വെറുതെ തള്ളിപ്പോയി എന്നു പറഞ്ഞിട്ട് കാര്യമില്ല.

Mr. K. S. Panicker (*Ezhuvas-Mukundapuram*) : കാരണമില്ലാതെ തള്ളീട്ടില്ല.

Mr. K. Ayyappan (*Ezhuvas-Kanayannur*) : റസ്റ്റിക്ക് ചെയ്യണമെന്നുള്ളതിന്റെ കാരണമെന്താണ് ?

Mr. V. J. Mathai (*Planters*) : മാമൂൽ.

Mr. K. S. Panicker (*Ezhuvas-Mukundapuram*) : മാമൂലാണ് കാരണം. ഇൻസ്പെക്ടരുടെ സ്തുപാർശയിന്മേലല്ലാതെ കൊടുക്കുന്നുണ്ടോ ?

Mr. K. M. Subramania Ayyar (*Commissioner of Excise*) : ഇൻസ്പെക്ടരുടെ സ്തുപാർശയിന്മേലും കൊടുക്കും.

Mr. K. S. Panicker (*Ezhuvas-Mukundapuram*) : ഒരു വ്യക്തി ഇങ്ങിനെ സ്തുപാർശകൂടാതെ കൊടുത്തിട്ടുള്ളതായി പറയാമോ ?

Mr. P. J. George (*Joint Secretary to Government*) : ഞാൻ പറയാം. കുന്നംകുളത്തു് കൊടുത്തിട്ടുണ്ടു്.

Mr. K. S. Panicker (*Ezhuvas-Mukundapuram*) : അങ്ങേയ്ക്കതോടു് ഞാൻ എന്റെ സമുദായത്തിന്റെ പേരിൽ വളരെ നന്ദി പറയുന്നു. ചക്കരവെള്ളം എടുത്തുവച്ചാൽ കുറെ കഴിയുമ്പോൾ അതു പുളിച്ചു് കള്ളാകും എന്ന ബഹുമാനപ്പെട്ട കള്ളു ഡിപ്പാർട്ടുമെണ്ടു് മേലധികാരി പറഞ്ഞു. ഈ നിയമസഭയിലെ ഏറ്റവും വയോധികനായ ബഹുമാനപ്പെട്ട ചിറയർ മെമ്പർ മിസ്റ്റർ ഈച്ചരമേനോൻ പറഞ്ഞു, അതു കൂടിച്ചാൽ വളരെ വ്യത്യാസം കാണുമെന്നു്. നേരെമറിച്ചു് ഒരു ബ്രാഹ്മണനു് ആ വ്യത്യാസം അറിയുവാൻ വളരെ പ്രയാസമായിരിക്കും. ബാക്കിയുള്ളവരെല്ലാം ആ വ്യത്യാസം നല്ലവണ്ണം അറിയും.

ഈ പ്രമേയം സ്വീകരിക്കുന്നതുകൊണ്ടു് ഗവൺമെണ്ടിനു യാതൊരു കുറവും വരുകയില്ല. ഗവൺമെണ്ടിന്റെ ഇപ്പോഴത്തെ നോട്ടംതന്നെ വളരെ മോശമാണു്. ചുങ്കാലുക്കൽ ഒരു ഷാപ്പു കൊടുത്തിട്ടുണ്ടു്, അതിപ്പോൾ നടക്കുന്നുണ്ടു്. വെള്ളിക്കുളങ്ങരെ ഒരു ഷാപ്പു കൊടുത്തിട്ടുണ്ടു്, ഇതൊക്കെ നടക്കുന്നുണ്ടു്. ചിറയർ താലൂക്കിലും ഒരാൾ ഒരു ഷാപ്പു ലേലം വിളിച്ചിട്ടുണ്ടു്, എന്നാൽ അവിടെ ഷാപ്പിൽവച്ചുള്ള കള്ളു വില്ക്കുന്നതു്. ഇതൊക്കെ ഞാൻ പറയുന്നതു് ഗവൺമെണ്ടിന്റെ കാര്യക്ഷമതയെ വെളിപ്പെടുത്തുവാനാണു്. എന്നാൽ ചക്കരച്ചെത്തിന്റെ കാര്യത്തിൽ മാത്രമേ ഇത്രവലിയ നോട്ടം ഗവൺമെണ്ടു കാണിക്കുന്നുള്ളൂ. എന്റെ സ്വന്തം അനുഭവം പറയാം. പറപ്പൂക്കരെ ഒരാൾ വെറും ചക്കരക്കള്ളു കൊണ്ടുവന്നപ്പോൾ അയാളെ എക്സൈസുകാർ പിടിച്ചു ചാർജ്ജുചെയ്തു ശിക്ഷിച്ചു. എക്സൈസു ഡിപ്പാർട്ടുമെണ്ടിനു് എതായാലും എന്തായാലും പിടിച്ചു ചാർജ്ജു ചെയ്യുക എന്നൊരു നിയമമുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

Mr. C. R. Iyyunni (*Trichur-South*): That is not correct. Let there be no insinuation against the orders of a Court of Justice.

Mr. K. M. Subramania Ayyar (*Commissioner of Excise*): കക്ഷികൾ കോടതി സമ്മതിച്ചിട്ടാണ് ശിക്ഷിക്കുന്നത്.

Mr. K. S. Panicker (*Ezhuvas-Mukundapuram*): സമ്മതിപ്പിച്ചിട്ട്, സമ്മതിച്ചില്ലെങ്കിൽ പിന്നെ വരുന്ന ഫലം വേറെയാണ്.

Mr. T. V. Subramania Ayyar (*Nemmara*): The Magistrate will be responsible for that. Not the Excise Department.

Mr. K. S. Panicker (*Ezhuvas-Mukundapuram*): മജിസ്ട്രേട്ട് കോടതിയിൽനിന്നുള്ള ശിക്ഷയല്ല, ഡിപ്പാർട്ടുമെണ്ടിൽനിന്നും കമ്മീഷണർവഴിക്കും മറ്റുമുള്ള ശിക്ഷയാണ്. അങ്ങിനെയുള്ള ശിക്ഷ എത്രയുണ്ടെന്നു പറയാമോ?

Mr. K. M. Subramania Ayyar (*Commissioner of Excise*): എന്താണ് ശിക്ഷയെന്നു പറയുന്നത്, എനിക്കു മനസ്സിലാകുന്നില്ല.

Mr. K. S. Panicker (*Ezhuvas-Mukundapuram*): ഡിപ്പാർട്ടുമെണ്ടിൽനിന്നുള്ള ശിക്ഷ.

Mr. K. Ayyappan (*Ezhuvas-Kanayannur*): ചെത്തുകാർ കോടതിക്കുപോയാൽ പിന്നീട് അവർക്കു ചെത്തണ്ടേ?

Mr. K. S. Panicker (*Ezhuvas-Mukundapuram*): സ്വശക്തിയുള്ളവരാണെങ്കിൽ നിശ്ചയമായും അവർ ഈ തൊഴിലിനു വരുകയില്ല. കോടതിയിൽപോയാൽ അവരെ തുലച്ചുകളയും.

ഉ ലക്ഷത്തിൽപരം ഉറുപ്പിക ഇതുമൂലം നഷ്ടം വരുമെന്നു" ബഹുമാനപ്പെട്ട മട്ടാഞ്ചേരി മെമ്പർ പറയുകയുണ്ടായി. ഷാപ്പ് ലേലം വിളിച്ചാലും മദ്യം വെക്കാത്ത തെങ്ങുകളുണ്ടാകുമെന്നാണോ മെമ്പർ പറയുന്നത്?.....സർക്കാരിൽനിന്നും ഷാപ്പുകളെല്ലാം ശരിക്കു നടത്തുന്നുണ്ടോ എന്നുപോലും പരിശോധിക്കുന്നില്ല. ഈ നിയമസഭയിൽ ഈ പ്രമേയത്തോട് എല്ലാവർക്കും ഹാർദ്ദമായ അനുഭാവമുണ്ടെന്ന് എനിക്കറിയാം. അതുകൊണ്ട് എല്ലാവരും ഈ സാധുസമുദായത്തിന്റെ അവശതകൾ പരിഹരിച്ചു കിട്ടണമെന്നുള്ള ആർദ്രമനോഭാവത്തോടുകൂടി ഐകകണ്ഠ്യമായി എന്നോട് യോജിച്ച് ഇതു പാസാക്കുമെന്നുള്ള ഉത്തമവിശ്വാസത്തോടുകൂടി ഞാൻ ഇതിനെ പ്രസ്സ് ചെയ്യുന്നു.

The resolution was put and lost.

Mr. K. Ayyappan (*Ezhuvas-Kanayannur*): A poll, Sir.

Ayes.

1. Messrs. C. V. Iyyu
2. V. J. Mathai
3. M. L. Joseph
4. B. M. Peter
5. V.K. Krishnankutty
6. K. M. Ibrahim
7. Messrs. K. R. Ramakrishnan
8. K. S. Panicker
9. K. R. Viswambharan
10. A. V. Moothedan
11. A. Eachara Menon
12. K. Ayyappan

LIBRARY ARCHIVES Kerala Legislative Assembly

Noes.

1. Messrs. S. S. Koder
2. C. J. Luiz
3. Subbarayan Chetty
4. V. P. Kannu Pillai
5. Rama Varmha Tampuran
6. Rao Sahib I. N. Menon
7. K. Achyuta Menon
8. K. P. Kannan Nayar
9. Messrs. P. J. George
10. Thomas Manjuran
11. Dr. D. Raghavendra Rao
12. Rao Sahib M. Narayana Menon
13. Messrs. K. V. Menon
14. T. Narayana Menon
15. K. M. Subramania Ayyar

Mr. K. Ayyappan (*Eshuvas-Kanayannur*): The neutrals may also be noted, Sir.

Neutrals.

1. Messrs. A. L. Antony
2. V. N. Damodaran Nambiar
3. V. K. Bhaskara Menon
4. M. Sivarama Menon
5. C. Kunhan Nambudiripad
6. C. N. Ittiravi Nambudiripad
7. Messrs. P. Govinda Menon
8. M. K. Devassy
9. Ismail Hajee Essa Sait
10. C. R. Iyyunni
11. Dr. A. R. Menon
12. Messrs. Puthur Achyuta Menon
13. A. Sivarama Menon

Chairman: Ayes 12, Noes 15 and Neutrals 13. The Motion is lost.

RESOLUTION No. 4.

Payment of Salary of Primary Grant-in-aid school teachers direct by Government.

Mr. K. S. Panicker(*Ezhuvas-Mukundapuram*):"പ്രാഥമിക ഗ്രാൻറ് സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം മേലാൽ ഗവണ്മെൻറിൽ നിന്ന് നേരിട്ട കൊടുക്കുവാനുള്ള വ്യവസ്ഥ ഉടനെ ഏർപ്പെടുത്തണമെന്നും ഈ കൌൺസിൽ ഗവണ്മെൻറിനോട് ശുപാർശചെയ്യുന്നു." ഈ പ്രമേയം അവതരിപ്പിക്കുന്നതിനുമുമ്പുതന്നെ ഈ നിയമസഭയോട് ആദ്യമായി. . . . . .

Mr. V. J. Mathai (*Planters*): പ്രാഥമിക ഗ്രാൻറ് സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം മുഴുവൻ സർക്കാരിൽ നിന്നാണോ കൊടുക്കുന്നത്?

Mr. K. S. Panicker (*Ezhuvas-Mukundapuram*): സർക്കാരിൽനിന്ന് കൊടുക്കുന്ന സംഖ്യയോട് ചേർത്ത് മാനേജർമാരുടെ കയ്യിൽനിന്നു കൂടി എടുത്തു കൊടുക്കാറുമുണ്ട്.

ഒരു അപ്പോളജി ചോദിക്കാനാണ് വിചാരിക്കുന്നത്. ഇതിനെ സംബന്ധിച്ച് ഒരു പ്രമേയം ഗവണ്മെൻറിൽനിന്നുതന്നെ അവതരിപ്പിക്കുകയുണ്ടായി. ആ സമയത്തു് അതിനു് ഞാൻ ഒരു ഭേദഗതി കൊണ്ടുവന്നു് ആ പ്രമേയത്തെ എതിർത്തു. അദ്ധ്യാപകന്മാരുടെ നിർഭാഗ്യവശാലൊ, മാനേജർമാരുടെ ദുരദൃഷ്ടയാലൊ എൻറെ ഭേദഗതി ഇവിടെ പാസ്സായി. ഇപ്പോൾ ഈ പ്രമേയം അവതരിപ്പിക്കുന്നതിനു് ഒരു പ്രത്യേക ഉദ്ദേശവും കൂടിയുണ്ട്. അതെന്താണെന്നുള്ളതു് വിവരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly